പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1091

05/03/2020-ൽ
മറുപടിയ്ക്ക്

**തിരുവില്വാമല വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ യു. ആർ. പ്രദീപ്** | | **മറുപടി**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ അനുവദിച്ച് ഹൈടെക്ക് നിലവാരത്തിൽ ഉയർത്തിയ ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമല വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈ പ്രവൃത്തിയുടെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയത് ഏതു സ്ഥാപനത്തെയാണ്;<br><br>(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശം നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (എ)<br>&<br>(ബി) | 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച് ഭൗതിക സാഹചര്യ വികസന പദ്ധതിയിൽ ഉൾപ്പെട്ട ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമല വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണത്തിനുള്ള SPV യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 'കൈറ്റ് നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി 50 സ്കൂളുകളുടെ എസ്.പി.വിയെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ SPV യായ കൈറ്റിനെ മാറ്റി WAPCOS-നെ SPV യായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Namitha. P

**സെക്ഷൻ ഓഫീസർ**